ആയിറ്റി ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പദ്ധതി

182 (5402) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജലഗതാഗത വകുപ്പിനുകീഴിൽ വരുന്ന കാസർഗോഡ് ജില്ലയിലെ ആയിറ്റി ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതി കളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജലഗതാഗത വകുപ്പിന്റെ ആയിറ്റി ബോട്ട് സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന മൂന്ന് സർവ്വീസുകളിൽ ഇപ്പോൾ മുടങ്ങിക്കിടക്കുന്ന ഒരു സർവ്വീസ് കൂടി പുനഃസ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഷെഡ്യൂളുകൾ കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പരിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

പോഞ്ഞിക്കരയിൽ ആധുനിക കപ്പൽപ്പാത നിർമ്മിക്കുന്നതിനുള്ള നടപടി

183 (5403) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പോഞ്ഞിക്കരയിൽ ആധുനിക കപ്പൽപ്പാത നിർമ്മിക്കുന്നതിനുള്ള എന്തൊക്കെ നടപടികൾ ആരംഭിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത നിർമ്മാണത്തിന് എന്ത് തുക ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ;

(ഡി) പ്രസ്തുത പാതയുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാകും?

ഉത്തരം

(എ) ഈ വർഷം വകുപ്പിന് വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ച് തടി ബോട്ടുകളുടെ റിപ്പയറുകൾക്ക് ആവശ്യമായ തടി, എൻജിനുകൾ എന്നിവ വാങ്ങുന്നതിനും, ബോട്ടുകളുടെ മേജർ റിപ്പയർ പണികൾ ചെയ്യിക്കു ന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന 10 ബോട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലേയ്ക്കും, 75 പി. സി. യുടെ 41.07 ലക്ഷം രൂപ വീതം വിലയുള്ള 4 ബോട്ടുകളും, വിനോദസഞ്ചാരമേഖലയിലേയ്ക്കുള്ള ചുവടുവയ്പായ "സീകുട്ടനാട് "എന്ന പദ്ധതിയുടെ ഭാഗമായി 48.43 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വീതം വിലയുള്ള 2 ഡബിൾ ഡെക്കർ ബോട്ടുകളും വാങ്ങാൻ ഭരണാനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. പോഞ്ഞിക്കരയിലെ ആധുനിക സ്ലിപ് വേയുടെ 75 ശതമാനം പണി ഈ വർഷം പൂർത്തിയാക്കുന്നതിനും, കൂടാതെ 1 കോടി 21 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മുഹമ്മ സ്റ്റേഷനാഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി വരുന്ന ബാക്കി തുക നൽകുന്നതിനും, വൈക്കം സ്റ്റേഷനാഫീസിന്റെ നിർമ്മാണത്തിനുവേണ്ടി വരുന്ന തുക നൽകാനും, കൊല്ലത്തും, കോട്ടയത്തും പുതിയ സ്റ്റേഷനാഫീസ് നിർമ്മിക്കാനും ജെട്ടികളിൽ താങ്ങുകുറ്റികൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. കൂടാതെ ആലപ്പുഴയിലേയും, തേവരയിലേയും വർക്ക് ഷോപ്പ് നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) പോഞ്ഞിക്കരയിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖേന 159 ലക്ഷം രൂപ ചെലവിൽ ഒരു ആധുനിക സ്ലിപ്പ്വേ നിർമ്മിക്കുന്നതിന്റെ വർക്ക് ഓർഡർ നൽകുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കാനുള്ള തുക നടപ്പു സാമ്പത്തിക വർഷം വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിന് 159 ലക്ഷം രൂപ ചെലവിടേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(ഡി) 2010-11 സാമ്പത്തിക വർഷാവസാനത്തോടെ സ്ലിപ്പ്വേ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ജലഗതാഗത വകുപ്പ് ജീവനക്കാർക്ക് ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്താൻ നടപടി

184 (5404) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രക്കാർക്കും ബോട്ടിലെ ജീവനക്കാർക്കുമായി ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജലഗതാഗത വകുപ്പ് യാത്രക്കാർക്കും ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പദ്ധതി മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.